**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ജീവനക്കാര്യം - ശ്രീ.നവനീത്. കെ, ഓഫീസ് അറ്റൻഡന്റ്, അരൂർ കുടുംബാരോഗ്യ കേന്ദ്രം, ആലപ്പുഴ- ശൂന്യവേതനാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.2518/2026/H&FWD തീയതി,തിരുവനന്തപുരം, 31-07-2026

---

പരാമർശം:- :- 1. ശ്രീ.നവനീത്. കെ സമർപ്പിച്ച 26.09.2023 തീയതിയിലെ അവധി അപേക്ഷ.

2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 25.12.2025 തീയതിയിലെ ഇ.എഫ് 1-12484/2025/ആ.വ.ഡ നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ അരൂർ കുടുംബാരോഗ്യ കേന്ദ്രത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.നവനീത് കെ.-യ്ക്ക് 14.03.2023-ന് സംഭവിച്ച വാഹനാപകടത്തെത്തുടർന്ന് 15.04.2023 മുതൽ 30.04.2023 വരെ എടുത്ത അർദ്ധ വേതനാവധിയ്ക്ക് തുടർച്ചയായി, 01.05.2023 മുതൽ 12.09.2023 വരെ 135 ദിവസത്തേയ്ക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പിൻബലത്തിൽ ശൂന്യവേതനാവധി അനുവദിക്കുന്നതിനായി പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (2) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു. അവധിയ്ക്കുശേഷം ടിയാൾ 13.09.2023 പൂർവ്വാഹ്നത്തിൽ ജോലിയിൽ തിരികെ പ്രവേശിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ അരൂർ കുടുംബാരോഗ്യ കേന്ദ്രത്തിലെ ഓഫീസ് അറ്റൻഡന്റ്, ശ്രീ.നവനീത്. കെ-യ്ക്ക് 01.05.2023 മുതൽ 12.09.2023 വരെ, ടി കാലയളവ് ആർജ്ജിത അവധിയ്ക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ, മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ, കെ.എസ്.ആർ., ഭാഗം I, ചട്ടം 88 (ii) ൽ ഇളവ് വരുത്തി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജി സി എൻ

അണ്ടർ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ മെഡിക്കൽ ഓഫീസർ, ആലപ്പുഴ.

മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം, അരൂർ, ആലപ്പുഴ.

ശ്രീ.നവനീത്. കെ, ഓഫീസ് അറ്റൻഡന്റ്, കുടുംബാരോഗ്യ കേന്ദ്രം, അരൂർ, ആലപ്പുഴ (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (22.06.2026 തീയതിയിലെ E 3443691/HLT-B3/322/2026-FIN നമ്പർ അഭിപ്രായക്കുറിപ്പ് പ്രകാരം).
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ശേഖരം/ഓഫീസ് കോപ്പി(HEALTH-F2/9/2026-HEALTH ഫയലിലേയ്ക്ക്).

ഉത്തരവിൻ പ്രകാരം

Digitally signed by
Vilasini K V
Date: 31-07-2026
17:13:29

സെക്ഷൻ ഓഫീസർ